ഭരണഭാഷ മാതൃഭാഷ

ICDS/A8-3606/22

വനിത ശിശുവികസന ഡയറക്ടറുടെ
കാര്യാലയം, പൂജപ്പുര,തിരുവനന്തപുരം
Phone No. 0471 - 2346534
തീയതി : 26.04.2022
E-Mail: directorate.wcd@kerala.gov.in

# പരിപത്രം

വിഷയം:- വനിതാ ശിശുവികസന വകുപ്പ്-ഐ സി ഡി എസ്-അങ്കണവാടി കെട്ടിടങ്ങളുടെ ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതും കുട്ടികളുടെ സുരക്ഷ ഉറപ്പ വരുത്തുന്നതും - സംബന്ധിച്ച്:-

സൂചന:- 1. സഉ(സാധാ)നം.514/2020/സാനീവ, തിയതി: 28.09.2022

2. ഈ കാര്യാലയത്തിലെ 07.01.2021 ലെ ICDS/B5-30277/19 നമ്പർ ഉത്തരവ്

3. ഈ കാര്യാലയത്തിലെ 31.10.2019 ലെ ICDS/B5-27317/19 നമ്പർ കത്ത്

മേൽ സൂചന ഉത്തരവുകൾ പ്രകാരം അങ്കണവാടി കെട്ടിടങ്ങളുടെ വാടക നിശ്ചയിക്കുന്നതിനും അത് അംഗീകരിക്കുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിരുന്നു. നിലവിൽ അങ്കണവാടി കെട്ടിടങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എല്ലാ വർഷവും ഏപ്രിൽ 10-ാം തിയതിയ്ക്ക് മുൻപായി ലഭ്യമാക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നെങ്കിലും പല അങ്കണവാടികളും ഫിറ്റ്നസ് ഇല്ലാത്ത കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മഴ തുടരുന്ന സാഹചര്യത്തിലും കാലവർഷം മുന്നിൽ കണ്ടും അങ്കണവാടി കെട്ടിടങ്ങളുടെ സുരക്ഷയുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

- വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന വാടക കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അങ്കണവാടി കെട്ടിടങ്ങളും സിഡിപിഒ / സൂപ്പർവൈസർമാർ പരിശോധന നടത്തി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുള്ളതാണെന്ന് ഉറപ്പ വരുത്തേണ്ടതാണ്.
- ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാകാത്ത കെട്ടിടങ്ങളിൽ ഒരു കാരണവശാലും അങ്കണവാടി പ്രവർത്തിപ്പിക്കുവാൻ പാടുള്ളതല്ല.
- സുരക്ഷിതമല്ലാത്ത കെട്ടിടങ്ങളിലെ അങ്കണവാടികളുടെ പ്രവർത്തനം എല്ലാ അടിസ്ഥാന സൗകര്യങ്ങളുമുള്ള സുരക്ഷിതമായ കെട്ടിടത്തിലേയ്ക്ക് അടിയന്തിരമായി മാറ്റേണ്ടതും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതുമാണ്.

- എല്ലാ അങ്കണവാടി കെട്ടിടങ്ങൾക്കും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമായിട്ടുണ്ടെന്ന് പ്രോഗ്രാം ഓഫീസർമാർ ഉറപ്പു വരുത്തി ഈ കാര്യാലയത്തിൽ 10.05.2022-നകം റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാകാത്ത അങ്കണവാടികളുടെ പ്രവർത്തനം മറ്റു കെട്ടിടത്തിലേയ്ക്ക് മാറ്റിയ ശേഷം ആ വിവരവും ഈ റിപ്പോർട്ടിനോടൊപ്പം നൽകേണ്ടതാണ്.
- അങ്കണവാടി കെട്ടിടത്തിന്റെ സുരക്ഷ സംബന്ധിച്ച് വീഴ്ചകൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം ബന്ധപ്പെട്ട ജീവനക്കാർക്ക് എതിരെ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്.

വനിതാ ശിശുവികസന ഡയറക്ടർക്ക് വേണ്ടി

*-എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും,*

*-എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും*

*പകർപ്പ് : സ്റ്റോക്ക് ഫയൽ & സ്പെയർ*